<u>പതിനെട്ടാമത്  ഇന്ത്യാ- ഇറാന് സംയുക്ത സമിതി യോഗം</u>

ഡിസംബര്  28, 2015

പതിനെട്ടാമത്  ഇന്ത്യാ- ഇറാന് സംയുക്ത സമിതി യോഗം ഡിസംബര് 28, 2015 നു ഡെൽഹിയില് വച്ച് നടന്നു.  യോഗത്തില് ഇന്ത്യയുടെ കേന്ദ്ര വിദേകാര്യ മന്ത്രിയും ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാനിലെ സാമ്പത്തിക കാര്യ -ധനകാര്യ മന്ത്രി ഹിസ് എക്സലൻസി ശ്രീ അലി തായ്ബ്നിയയും ആധ്യക്ഷപദം പങ്ക് വച്ചു

ഹിസ് എക്സലൻസി ശ്രീ അലി തയ്ബ്നിയ ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി , അദ്ദേഹം യൂഫയില് വച്ച് ഈ വർഷം ആദ്യം ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന് പ്രസിഡണ്ടുമായി താന് നടത്തിയ കൂടിക്കാഴ്ച ഓർക്കുകയും ഇറാനുമായി ഇന്ത്യ വളരെ ആഗ്രഹിക്കുന്ന സാമ്പത്തിക സഹകരണ വികസനം ആവർത്തിച്ചു പറയുകയും ചെയ്തു

## ഇന്ത്യ ഇറാനെ പ്രധാനപ്പെട്ട പങ്കാളിയായി കാണുന്നു എന്നു

സംയുക്ത സമിതി യോഗത്തില് കേന്ദ്ര വിദേശകാര്യ മന്ത്രി സൂചിപ്പിക്കുകയുണ്ടായി അതോടൊപ്പം വൈവിധ്യമുള്ള മേഖലകളിലെ വളരുന്ന ഉഭയകക്ഷി പങ്കാളിത്തത്തില് സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഊർജം, അടിസ്ഥാന സൌകര്യങ്ങള്, - ഷിപ്പിംഗ്, തുറമുഖങ്ങള്, റെയിൽവേ- വ്യാപാര-വ്യവസായം എന്നിവയിലെ ഉഭയകക്ഷി സാമ്പത്തിക സഹകരണം വർദ്ധിപ്പിക്കുവാന് നടത്തുന്ന ശ്രമങ്ങളെ അവര് അടിവരയിട്ടു പറയുകയുണ്ടായി.  അഫ്ഗാനിസ്ഥാനെയും സെന്ട്രല് ഏഷ്യയെയും ബന്ധിപ്പിക്കുന്ന ഛബാര് തുറമുഖ നിർമാണവികസനത്തില്   ഇന്ത്യയുടെ പങ്കാളിത്തത്തെ മന്ത്രി പ്രാധാന്യം നല്കി പറഞ്ഞു.  ഛബാര് തുറമുഖം , ഛബാര് സ്വതന്ത്ര വ്യാപാര മേഖല  എന്നിവയുടെ

നിർമാണവികസനത്തിലും , സ്വതന്ത്ര വ്യാപാര മേഖലയില് വ്യവസായ യൂണിറ്റുകള് സ്ഥാപിക്കുന്നതിനും ആവശ്യമായ ഇന്ത്യയില് നിന്നുള്ള പൊതു-സ്വകാര്യ മേഖലകളിലെ നിക്ഷേപ പങ്കാളിത്തത്തെ ഇറാന് ഭാഗം നിർദേശിക്കുകയുണ്ടായി

ഫർസാദ് -ബി മേഖലയില് ഇന്ത്യയുടെ പങ്കാളിത്തത്തിന് വേണ്ടി ആവശ്യമായ പ്രക്രിയകള് പെട്ടെന്നു പൂർത്തിയാക്കുവാനും ഇറാനിലെ മറ്റ് എണ്ണ, വാതക പര്യവേക്ഷണങ്ങളില് പങ്കെടുക്കുവാനുള്ള ഇന്ത്യയുടെ ആഗ്രഹവും കേന്ദ്ര വിദേശകാര്യ മന്ത്രി ഊന്നിപ്പറഞ്ഞു .

വ്യാപാരം, സാമ്പത്തിക സഹകരണം എന്നിവയിലും അതുമായി ബന്ധപ്പെട്ട അനേകം വിഷയങ്ങളിലുമുള്ള പുരോഗതി റെയില് വിതരണം, സ്റ്റോക്ക് പ്രവർത്തനം , സിഗ്നലിംഗ് മറ്റ് പ്രവർത്തനങ്ങളിലെ പുരോഗമനം എന്നിവയിലെ ചർച്ചകള് റെയിൽവേയിലെ സഹകരണ സാധ്യതകള് ഛബാര്- സാഹെദാന് - മാഷാദ് റെയിൽവേ ലൈലില് ഇന്ത്യയുടെ പങ്കാളിത്തം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങള് രണ്ടു മന്ത്രിമാരും അവലോകനം ചെയ്തു.

സംയുക്ത സമിതി യോഗത്തിന് മുന്നോടിയായി വ്യാപാരം - വ്യവസായത്തിനുള്ള സംയുക്ത കർമ്മ സംഘം ( നവംബര് 18-19,2015 ) ഊര്ജ സംയുക്ത കർമ്മ സംഘം (ഡിസംബര് 25, 2015 ) അടിസ്ഥാന സൌകര്യങ്ങൾക്കുള്ള സംയുക്ത കർമ്മ സംഘം ( ഡിസംബര് 26, 2015 ) എന്നിവയുടെ യോഗങ്ങള് നടന്നു .

ന്യൂഡെൽഹി
ഡിസംബര് 28, 2015